പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2641**

18.08.2017-ൽ മറുപടിക്ക്

## കോട്ടക്കൽ നിയോജകമണ്ഡലത്തിലെ റോഡുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ ദേശീയപാത എഞ്ചിനീയറിംഗ് വിഭാഗം നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള റോഡുകൾ ഏതൊക്കെയാണ്; | (എ) | കോട്ടക്കൽ നിയോജകമണ്ഡലത്തിൽ നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള റോഡുകൾ ഒന്നുംതന്നെയില്ല. |
| (ബി) വളാഞ്ചേരി റോഡ് വികസനവുമായി ബന്ധപ്പെട്ട് ദേശീയപാത വിഭാഗം ഏതെങ്കിലും റോഡിന്റെ സർവ്വെ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെന്ന് വ്യക്തമാക്കുമോ; | (ബി) | വളാഞ്ചേരി റോഡ് വികസനവുമായി ബന്ധപ്പെട്ട് ദേശീയപാത വിഭാഗം ഒരു റോഡിന്റെയും സർവ്വെ നടത്തിയിട്ടില്ല. |
| (സി) അർബൺ ലിങ്കുമായി ബന്ധപ്പെടുത്തിയ ഏതെങ്കിലും പദ്ധതികൾ വളാഞ്ചേരിയിൽ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (സി) | അർബൺ ലിങ്കുമായി ബന്ധപ്പെടുത്തിയ പദ്ധതികൾ വളാഞ്ചേരിയിൽ നിലവിലില്ല. |
| (ഡി) ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ, കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പ്രൊപ്പോസലുകൾ 2016-17, 2017-18 വർഷത്തിൽ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കോട്ടക്കൽ നിയോജകമണ്ഡലത്തിൽ നിന്നും 2016-17-ൽ വളാഞ്ചേരി റോഡ് വികസനത്തിനും വട്ടപ്പാറ വളവ് നിവർത്തുന്നതിനുമുള്ള രണ്ട് പ്രൊപ്പോസലുകൾ ലഭിക്കുകയുണ്ടായി. അതിൽ വളാഞ്ചേരി റോഡ് വികസനത്തിന് 2017-18-ലെ കേന്ദ്ര വാർഷിക പദ്ധതിയിലെ റോഡ് സുരക്ഷാ പദ്ധതിയിൽ 7 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പദ്ധതിരൂപരേഖ തയ്യാറാക്കുന്നതിനുള്ള പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. വട്ടപ്പാറ വളവിന്റെ വികസനത്തിനുള്ള പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടില്ല. |

S. Bindu

സെക്ഷൻ ഓഫീസർ